LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ 4-8-2018-ലെ സ.ഉ(അച്ചടി) നമ്പർ 119/2018/ധന പ്രകാരം ആംബുലൻസ് വാങ്ങുന്നത് അനുവദനീയമല്ല.

(ബി) ഈ ആവശ്യം കൂടി പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

ആസ്തിവികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച പദ്ധതിയിൽ മാറ്റം

56 (1780) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച പദ്ധതി, ന്യായമായ കാരണങ്ങളാൽ റദ്ദ് ചെയ്യുകൊണ്ട് മറ്റൊരു പദ്ധതി നിർദ്ദേശിക്കുകയാണെങ്കിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; പുതിയ നിർദ്ദേശം ആർക്കാണ് സമർപ്പിക്കേണ്ടത്; വിശദമാക്കുമോ?

2016-17 സാമ്പത്തിക വർഷത്തിൽ ആസ്തിവികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള കാലാവധി അവസാനിച്ചു. ന്യായമായ കാരണങ്ങളാൽ അനുവദിച്ച പദ്ധതി റദ്ദ് ചെയ്യുകൊണ്ട് മറ്റൊരു പദ്ധതി നിർദ്ദേശിക്കുകയാണെങ്കിൽ നടപ്പ് നിയമസഭയിലെ ബന്ധപ്പെട്ട എം.എൽ.എ.മാരുടെ ശിപാർശയോടെ അനുമതിക്കായി അപേക്ഷ ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്.

പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

57 (1781) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി സ്ഥലം വാങ്ങുന്നതിനും അത്യാധുനിക സൗകര്യങ്ങളോടുകൂടി ടർഫ് നിർമ്മിക്കുന്നതിനും എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും പണം ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശപ്രകാരം പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി സ്ഥലം വാങ്ങുന്നതിനും അത്യാധുനിക സൗകര്യങ്ങളോടുകൂടി ടർഫ് നിർമ്മിക്കുന്നതിനും അനുവാദമില്ലാത്തതാണ്.